LIBRARY ARCHIVES Kerala Legislative Assembly

മാനസിക വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങൾ

22(*82) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. എം. ഉമ്മർ :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസിക വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻതക്കവിധത്തിലുള്ള സൗകര്യങ്ങൾ നിലവിലില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അപര്യാപ്തത പരിഹരിക്കാൻ എന്തൊക്കെ സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സമ്പൂർണ്ണ ചികിൽസ ആവശ്യമുള്ളവരുടെ കാര്യത്തിൽ അതിനുള്ള സൗകര്യമേർപ്പെടുത്തുകയും അല്ലാത്ത കേസുകളിൽ കൗൺസിലിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് 2013 മുതൽ സമഗ്ര മാനസിക ആരോഗ്യ പദ്ധതി നിലവിൽ വന്നു. എല്ലാ ജില്ലകളിലും മാനസിക രോഗം വന്ന സ്ത്രീകൾക്കും പുരുഷൻമാർക്കുമായി പ്രത്യേകം പകൽവീടുകൾ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ മാനസിക ആരോഗ്യ പദ്ധതി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രവർത്തനക്ഷമമാണ്. ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി വയനാട്, ഇടുക്കി, കണ്ണൂർ ജില്ലകളിൽ കേന്ദ്ര സർക്കാരിന്റെ ഫണ്ടിലൂടെ മാനസികാരോഗ്യ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ ആരോഗ്യ മിഷൻ ഫണ്ട് വഴി പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കാസർഗോഡ്, പാലക്കാട്, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ തന്നെ കാസർഗോഡ്, കോഴിക്കോട്, മലപ്പുറം,

വയനാട്, എന്നീ ജില്ലകളിൽ IMHANS മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിന് പുറമെ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ മാനസികാരോഗ്യ കേന്ദ്രങ്ങളും 22 De-addiction Centre-കളും പ്രവർത്തനസജ്ജമാണ്. കുട്ടികളിലെ മാനസിക രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി District Early Intervention Centres (DEIC) എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്.

(സി) കേരളത്തിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങൾ - തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. കിടത്തി ചികിത്സയും പുനരധിവാസവും മാനസിക രോഗത്തിനുള്ള സമ്പൂർണ്ണ ചികിത്സയും ഈ കേന്ദ്രങ്ങളിൽ ലഭ്യമാണ്. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ദേശീയ മാനസികാരോഗ്യ പദ്ധതി, ജില്ലാ മാനസികാരോഗ്യ പദ്ധതി, സമഗ്ര മാനസികാരോഗ്യ പദ്ധതി എന്നിവയിലൂടെ പ്രാഥമിക ചികിത്സ, കൗൺസിലിംഗ് തുടങ്ങിയ ചികിത്സാ സൗകര്യങ്ങളും, പകൽ വീടുപോലുള്ള പുനരധിവാസ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

23 (*83) ശ്രീ. എളമരം കരീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെന്നും മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ നൽകാൻ വേണ്ട തുക എത്രയെന്നും വിശദമാക്കുമോ;

(സി) 2.91 ലക്ഷം അപേക്ഷകൾ കെട്ടിക്കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കാനായി എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;

(ഡി) മനുഷ്യാവകാശ കമ്മീഷൻ ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ടോ ; കമ്മീഷന്റെ നിർദ്ദേശം എന്തായിരുന്നു ; അതു നടപ്പിലാക്കിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly